**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 619** **11.12..2012 ലെ മറുപടിയ്ക്ക്**

**കാരുണ്യ ബെനവലന്റ് ഫണ്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക്ക് | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| ക്രമ നമ്പർ | ചോദ്യം | മറുപടി |
|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് ഇതുവരെ എത്ര രോഗികൾക്ക് എന്ത് തുക നൽകി എന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ; | (എ) ആകെ 5404 രോഗികൾക്ക് 56.14 കോടി രൂപ ചികിൽസാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം വയ്ക്കുന്നു. അനുബന്ധം I. |
| (ബി) | കാസർഗോഡ് ജില്ലയിൽ പ്രസ്തുത ഫണ്ട് ലഭ്യമാകുന്ന ആശുപത്രികൾ ഉൾപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ചികിത്സാ സഹായത്തിന് അർഹരായ കാസർകോഡ് ജില്ലയിലെ ഭൂരിപക്ഷം രോഗികളും മംഗലാപുരത്തെ ആശുപത്രികളെയാണ് ആശ്രയിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (ഡി) | മംഗലാപുരത്ത് ചികിൽസ തേടുന്ന കാസർഗോഡ് ജില്ലയിലെ രോഗികൾക്കു കൂടി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് സഹായം നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഡി) കാസർഗോഡ് ജില്ലയിലുള്ള ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ നിന്ന് ഈ പദ്ധതി പ്രകാരം ചികിൽസ ലഭിക്കുന്നതിനുള്ള അപേക്ഷകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. എന്നാൽ കാസർഗോഡ് ജില്ലയിലുള്ള മാലിക് ദിനാർ ചാരിറ്റബിൾ ഹോസ്പിറ്റൽ എന്ന സർക്കാരിതര ആശുപത്രി കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയ്ക്കായി Memorandum of Understanding ഒപ്പ് വച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത ആശുപത്രിയിൽ ചികിൽസാ ധനസഹായം ലഭ്യമാക്കുന്നതാണ്. മറ്റു സംസ്ഥാനങ്ങളിലെ ആശുപത്രികളിൽ ചികിൽസ തേടുന്ന രോഗികൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതല്ല. വിദഗ്ധ ചികിൽസാ സൗകര്യങ്ങളുള്ളതും സംസ്ഥാനത്തിന് അകത്ത് പ്രവർത്തിക്കുന്നതുമായ സർക്കാരിതര ആശുപത്രികളെക്കൂടി ഈ പദ്ധതിയിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം I

# KARUNYA BENEVOLENT FUND

DISTRICT WISE DETAILS OF AMOUNT RELEASED TO PATIENTS AS ON 27.11.2012

| SL.NO | DISTRICT | Amount | Dialysis | NO. OF.PATIENTS | Amount |
|---|---|---|---|---|---|
| 1 | TRIVANDRUM | 12153850 | 1258000 | 721 | 77069309.00 |
| 2 | KOLLAM | 3092000 | 3092000 | 310 | 35210083.00 |
| 3 | PATHANAMTHITTA | 4511600 | 4511600 | 234 | 24327482.00 |
| 4 | ALAPPUZHA | 4060000 | 5060000 | 368 | 29062635.00 |
| 5 | KOTTAYAM | 9135000 | 10135000 | 484 | 47985500.00 |
| 6 | IDUKKI | 3152000 | 3152000 | 180 | 20918940.00 |
| 7 | ERNAKULAM | 3289000 | 4289000 | 325 | 30637960.00 |
| 8 | THRISSUR | 3203000 | 4203000 | 241 | 26123500.00 |
| 9 | PALAKKAD | 2102000 | 2102000 | 281 | 25642734.00 |
| 10 | MALAPPURAM | 5981318 | 5981318 | 431 | 44889638.00 |
| 11 | KOZHIKKODE | 7428000 | 8428000 | 444 | 47731414.00 |
| 12 | WAYANAD | 563583 | 563583 | 189 | 15579517.00 |
| 13 | KANNUR | 15993815 | 15993815 | 939 | 108470775.00 |
| 14 | KASARAGOD | 3544500 | 3544500 | 257 | 27750513.00 |
| | TOTAL | 78209666 | 72313816 | 5404 | 561400000.00 |